ഉത്തരം

(എ) ഉണ്ട്. വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) 25-8-1995-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച വനിതാ പോലീസുകാർക്ക് എ.എസ്.ഐ. തസ്തിക ഇല്ല. എങ്കിലും 23 വർഷം സർവ്വീസ് പൂർത്തിയാക്കിയ വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർമാർക്ക് എ.എസ്.ഐ. ഗ്രേഡ് ഡെസിഗ്നേഷൻ നൽകിയിട്ടുണ്ട്. 25-8-1995-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർ മുഖ്യധാരയിൽ ഉൾപ്പെട്ടതിനാൽ ഇവർ പൊതുവായ സീനിയോറിറ്റി ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. ആയതിന്റെ സീനിയോറിറ്റി പ്രകാരമാണ് ഇവർക്കും എ.എസ്.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്.

വനിതാ പോലീസ് സ്റ്റേഷൻ

133 (1838) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുളിക്കാട് വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പരിഗണനയിലില്ല.

ക്രൈം ബ്രാഞ്ചിന്റെ ആധുനികവത്കരണം

134 (1839) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും തെളിയിക്കാനുമുള്ള കാര്യങ്ങൾ ആധുനികവത്കരണത്തിൽ ഉൾപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ക്രൈം ബ്രാഞ്ച് വിഭാഗം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 124/2014/ആഭ്യന്തരം, 17-6-2014 പ്രകാരം 19 പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് (ഡി.സി.ബി.) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിനും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിലും അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ചിന് ചുമതല നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് (ഡി.സി.ബി.)-ലേക്ക് ഉള്ള നിയമനത്തിൽ കുറ്റാന്വേഷണ കേസുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും 'പ്രൊഫഷണൽ' മികവും ഉള്ള ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളൂ. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിത പോലീസിന്റെ മതിയായ പ്രാതിനിധ്യവും ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന ക്രൈം ബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും സർക്കാരിന് ശിപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ, പോലീസ് ആധുനികവൽകരണത്തിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈം ബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. സൈബർ ക്രൈം കേസുകൾ ശരിയാംവണ്ണം കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് നിലവിലുള്ള സൈബർ പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയിൽ നിന്നുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ആസ്ഥാനത്ത് നിലവിൽ ഒരു ഹൈടെക് സെല്ലും പ്രവർത്തിച്ചുവരുന്നു. GO (MS)No.67/14/Home തീയതി 22-8-2014 പ്രകാരം ഒരു സൈബർ ഡോം ടെക്നോപാർക്കിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജി.ഒ. എം.എസ് നമ്പർ 79/2014/ ഹോം തീയതി 26-4-2014 പ്രകാരം സൈബർ പോലീസ് സ്റ്റേഷനുകളിലേക്ക് ഒരു ഡിവൈ.എസ്.പി.-യുടെയും 4 ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.(എംഎസ്.)194/13/ഹോം തീയതി 1-8-2013 പ്രകാരം സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, പാസ്സ്‌വേർഡ് ക്രാക്കർ, ഹാർഡ്‌വെയർ, ആന്റ് സോഫ്റ്റ്‌വെയർ മൊബൈൽ ഫോൺ, എസ്സാകൂർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ്‌വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

മാഫിയ അതിക്രമങ്ങളുടെ നിയന്ത്രണം

135 (1840) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദൈനംദിനം വളർന്നുവരുന്ന മണൽമാഫിയ, പാറഖനന (ക്വാറി) മാഫിയ, സ്പിരിറ്റ് മാഫിയ, പെൺവാണിഭ മാഫിയ, കഞ്ചാവ് മാഫിയ, ഡി.ജെ. പാർട്ടി നടത്തിപ്പു മാഫിയ, മനുഷ്യക്കടത്ത്/കുട്ടികളെ കടത്ത് മാഫിയ, ബ്ലേഡ് മാഫിയ, അന്യസംസ്ഥാന തൊഴിലാളി ക്രിമിനലുകളുടെ മാഫിയാ, പ്രായപൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന ഹോട്ടൽ മാഫിയ എന്നിവരുടെ പ്രവർത്തനം നാൾക്കുനാൾ കൂടിവരുന്നതു നിയന്ത്രിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്കു വിധേയമായവരിൽനിന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും എത്ര കേസ്സുകൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട് ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം വിവിധ മാഫിയാ പ്രവർത്തനങ്ങളുടെ ഭാഗമായി എത്ര പോലീസ്/ മറ്റു സർക്കാർ ജീവനക്കാരുടെ പേരിൽ പരാതികളും പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഉണ്ട് ; എത്രപേരെ അറസ്റ്റു ചെയ്തു ; ഇനി എത്രപേരെ അറസ്റ്റു ചെയ്യുവാനുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly